**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 256** **26-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണവും പരിവേഷ് പോർട്ടലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലയോര മേഖലകളിൽ പട്ടയവിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്തപരിശോധന നടത്തുന്നതിനും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മലയോര മേഖലകളിൽ പട്ടയവിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്തപരിശോധന നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന റവന്യൂ - വനം വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം- പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിൽ ഇനിയും പട്ടയത്തിന് അപേക്ഷ നല്കിയിട്ടില്ലാത്ത അർഹരായ കുടിയേറ്റക്കാരുണ്ടെങ്കിൽ അവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുള്ളതാണ്. 01/01/1977 ന മുമ്പ് വന ഭൂമിയിൽ കുടിയേറി താമസിച്ച് വരുന്നവർക്കാണ് പട്ടയം ലഭിക്കാൻ അർഹതയുള്ളത്. ഈ സാഹചര്യത്തിൽ 01/01/1977 ന് മുമ്പ് വന ഭൂമിയിൽ കുടിയേറി താമസ്സിച്ച് വരുന്നവരിൽ നാളിത് വരെ പട്ടയം ലഭിക്കാത്തവരെ കണ്ടെത്തുന്നതിന് ഒരു സമഗ്ര വിവര ശേഖരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 1 മുതൽ മാർച്ച് 30 വരെ നടത്തിയ വിവര ശേഖരണത്തിൽ 37,311 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തുടർന്ന് സംയുക്ത പരിശോധന നടത്താനും വനം വകുപ്പിന്റെ NOC ലഭ്യമാക്കി അപേക്ഷ സമർപ്പിക്കാനും സംസ്ഥാന റവന്യൂ-വനം വകുപ്പ് മന്ത്രിതലയോഗത്തിൽ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. വിവരശേഖരണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 1997ന് മുമ്പ് കുടിയേറിയവർക്ക് അപേക്ഷ സമർപ്പിച്ചിട്ടും പട്ടയം ലഭിക്കാത്തതായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | 01/01/1977 ന മുമ്പ് വന ഭൂമിയിൽ കുടിയേറി താമസിച്ച് വന്നവർക്ക് പട്ടയം ലഭിക്കാത്തതിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജോയിന്റ് വേരിഫിക്കേഷൻ നടത്തി പട്ടയത്തിനായി അപേക്ഷ സമർപ്പിച്ച് പരിവേഷ് പോർട്ടൽ വഴി കേന്ദ്രാനുമതിക്കായി അപേക്ഷിച്ചിട്ടും അനുമതി |

| | | | |
|---|---|---|---|
| | | | ലഭിക്കാത്ത കേസുകളിൽ അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി സംസ്ഥാന റവന്യൂ - വനം വകുപ്പ് മന്ത്രിമാർ ചർച്ച നടത്തിയതിൽ ഇക്കാര്യം ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര – വനം പരിസ്ഥിതി വകുപ്പിലെ റീജിണൽ ഡെപ്യൂട്ടി ഡയറക്ടറെ ലയ്സൺ ഓഫീസറായി ചുമതലപ്പെടുത്താൻ ധാരണയായിട്ടുള്ളതാണ്. സംസ്ഥാന റവന്യൂ - വനം വകുപ്പുകളിലും ഇത് പോലെ ഉദ്യോഗസ്ഥന്മാർക്ക് ചുമതല നൽകിയിട്ടുണ്ട്.<br><br>ജോയിന്റ് വെരിഫിക്കേഷന് ശേഷം പരിവേഷ് പോർട്ടൽ വഴി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായ സമർപ്പിക്കാത്ത കേസുകൾ സമർപ്പിക്കുന്നതിനും, സാങ്കേതികമായ തെറ്റുകൾ മൂലം തിരിച്ചയച്ച കേസുകൾ പുനസമർപ്പിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സംയുക്ത പരിശോധന നടക്കാത്ത സ്ഥലങ്ങളിലെ താമസ്സക്കാർ, സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെടാത്തവർ, ഇതുവരെ അപേക്ഷ നൽകാത്തവർ എന്നിവർക്കായി പുതിയ ജെ.വി.ആർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇത് പരിശോധിക്കാനായി 2024 മാർച്ച് 1 മുതൽ മാർച്ച് 30 വരെ നടത്തിയ വിവര ശേഖരണത്തിൽ 37,311 അപേക്ഷകൾ വിവിധ വില്ലേജോഫീസുകൾ മുഖേന ലഭിച്ചിട്ടുണ്ട്.<br><br>വിവരശേഖരണത്തിലൂടെ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും റവന്യൂ വകുപ്പിന്റെ ഐ.റ്റി. സെൽ മുഖേന സോഫ്റ്റ്‌വെയർ തയാറാക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ അപേക്ഷകളിലും ഇത്തരത്തിൽ പരിശോധിച്ച ശേഷം അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പരിവേഷ് പോർട്ടലിൽ നേരത്തെ പട്ടയത്തിന് അപേക്ഷ നൽകിയവർ രേഖയായി എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് ഹാജരാക്കണമെന്ന വ്യവസ്ഥ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പരിവേഷ് പോർട്ടലിൽ നേരത്തെ പട്ടയത്തിന് അപേക്ഷ നൽകിയവർ രേഖയായി എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് ഹാജരാകണമെന്ന വ്യവസ്ഥ നിലവിലില്ല. 01/01/1977ന് മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നു എന്ന് തെളിയിക്കാനുള്ള എന്ത് രേഖയും (Rubber Board certificates for rubber cultivation, Ration Card, Property Tax receipt from LSG, etc) പട്ടയം നൽകുന്നതിന് പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2240 |
| 2 | കൊല്ലം | 3826 |
| 3 | പത്തനംതിട്ട | 2543 |
| 4 | കോട്ടയം | 0 |
| 5 | ഇടുക്കി | 16363 |
| 6 | എറണാകുളം | 2758 |
| 7 | തൃശ്ശൂർ | 5270 |
| 8 | പാലക്കാട് | 2386 |
| 9 | മലപ്പുറം | 529 |
| 10 | കോഴിക്കോട് | 96 |
| 11 | വയനാട് | 1184 |
| 12 | കണ്ണൂർ | 105 |
| 13 | കാസർഗോഡ് | 11 |
| | **ആകെ** | **37311** |

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഏരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിൽ 7095 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും പ്രസ്തുത കേസുകളിൽ 04.11.2023 ലെ G.O.(Rt) No.3966/2023/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ സാധിക്കുമോ എന്നത് പരിശോധിച്ചു വരുകയാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനായി 17 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക ഓഫീസ് 15.03.2024 തീയതിയിലെ സ.ഉ.(കൈ) 67/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

G.O.(Rt)No.3966/2023/RD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതുമായ കൈവശഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകിയ 02.06.2020 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2020/2020/റവ. ഉത്തരവും 25.01.2021 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 277/2021/റവ ഉത്തരവും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ആർ) വകുപ്പ്**

G.O.(Rt) No.3966/2023/RD തീയതി,തിരുവനന്തപുരം, 04-11-2023

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 2020/2020/റവ തീയതി 02.06.2020
2. സ.ഉ. (സാധാ) നം. 277/2021/റവ തീയതി 25.01.2021
3. സ.ഉ. (കൈ) നം. 250/73/എ.ഡി തീയതി 24.07.1973
4. ഇടുക്കി ജില്ലാ കളക്ടറുടെ 07.02.2023 തീയതിയിലെ DCIDK 3134/2021-C3 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ റവന്യൂ രേഖകളിൽ 'പുരയിടം' 'തരിശ്' 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 A യിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2 (e) പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും പ്രസ്തുത ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരവും ടി ഉത്തരവിന്റെ പരിധിയിൽ തൃശ്ശൂർ ജില്ലയെ കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. എന്നാൽ BTR പ്രകാരം 'പുറമ്പോക്ക്' എന്നും പട്ടാദാരന്റെ പേരു "സർക്കാർ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്ക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്തിയിട്ടുമുള്ളതിനാൽ ഭൂമി പതിച്ച് നൽകുന്നതിൽ ചില എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം വേണമെന്നും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. റിസർവ്വ് വനഭൂമി പ്രത്യേകമായി ജണ്ടയിട്ട്


Generated from eOffice by LEKHA L R, ASST (R1) REV, ASST (R1) REV, RD on 04/01/2024 10:25 AM

G.O.(Rt)No.3966/2023/RD

തിരിച്ചിട്ടുണ്ടെങ്കിലും റീസർവ്വേ നടന്നപ്പോൾ സബ് ഡിവിഷൻ നടത്താതെ പ്രസ്തുത ഭൂപ്രദേശം ഒന്നാകെ ഒരു മൈനർ സർക്യൂട്ട് ആയി സർവ്വെ ചെയ്തതുമൂലം മൈനർ സർക്യൂട്ടിനുള്ളിൽ വനഭൂമിയും ജണ്ടക്ക പുറത്തുള്ള ജനവാസ മേഖലയും ഉൾപ്പെട്ടു വന്നതുമൂലമാണ് മുഴുവൻ ഭൂമിയുടെയും റിമാർക്സ് കോളത്തിൽ റിസർവ്വ് വനം എന്ന് രേഖപ്പെടുത്താൻ ഇടയായത് എന്ന് ജില്ലാ കളക്ടർ വിശദീകരണം നൽകിയിട്ടുണ്ട്. ഭൂമി തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നതിനാൽ കൈവശത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയാത്ത വിധം ഈ പ്രദേശങ്ങൾ എല്ലാം തന്നെ പൂർണ്ണമായും ജനവാസ മേഖലയാണെന്നും. കൂടാതെ സെറ്റിൽമെന്റ് രജിസ്റ്റർ, പഴയ BTR എന്നിവയിൽ റിസർവ്വ് വനം എന്ന രേഖപ്പെടുത്തലുകൾ ഇല്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3. ജില്ലാ കളക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവ് പ്രകാരമോ സമാനമായ മറ്റ് ഉത്തരവുകൾ പ്രകാരമോ വനേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതും വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ്വ് വനം" എന്നും രേഖപ്പെടുത്തിയുട്ടുള്ളത്. അത്തരം ഭൂമികളിലെ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/ കൈവശങ്ങളുടെ പഴക്കം/ സ്വഭാവം/ എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേ സബ്ബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് പരാമർശം (1) ഉത്തരവിൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ടി ഉത്തരവ് പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയ്ക്കും ബാധകമാക്കുന്നു.

4. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TINKU BISWAL
PRINCIPAL SECRETARY

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കമ്മീഷണർ, ലാൻഡ് റവന്യൂ
ജില്ലാ കളക്ടർ, ഇടുക്കി/കോട്ടയം/പത്തനംതിട്ട/എറണാകുളം/തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, കേരള, തിരുവനന്തപുരം


Generated from eOffice by LEKHA L R, ASST (R1) REV, ASST (R1) REV, RD on 04/01/2024 10:25 AM

G.O.(Rt)No.3966/2023/RD

G.O.(Rt)No.3966/2023/RD

സർവ്വേ ഡയറക്ടർ, സർവ്വേ ആൻഡ് ലാൻഡ് റിക്കോർഡ്സ്, തിരുവനന്തപുരം,
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വനം വകുപ്പ്
വനം വന്യജീവി (സി) വകുപ്പ്
നിയമ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി



Generated from eOffice by LEKHA L R, ASST (R1) REV, ASST (R1) REV, RD on 04/01/2024 10:25 AM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താല്ക്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**റവന്യൂ(എം)വകുപ്പ്**

സ.ഉ.(കൈ) നം.67/2024/RD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:- 1 ) 02.06.2020-ലെ സ.ഉ.(സാധാ)2020/2020/റവ നമ്പർ ഉത്തരവ്.

2) കോട്ടയം ജില്ലാ കളക്ടറുടെ 08.01.2021ലെ ഡിസികെടിഎം/5055/2020/എൽ2 നമ്പർ കത്ത്.

3 ) 4.11.2023-ലെ സ.ഉ.(സാധാ) 3966/2023/റവ നമ്പർ ഉത്തരവ്

4)ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2024-ലെ എൽ.ആർ/2507/2024/എൽആർ(ജെ5) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ ഭൂമിപതിവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിന് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

2) മേല്പറഞ്ഞ വില്ലേജുകളിലെ 9 സർവ്വേ നമ്പരുകളിലായി സർവ്വേ റെക്കോഡുകളിൽ (ബി.റ്റി.ആർ) ഭൂമിയുടെ തരം പുറമ്പോക്ക്, ഫോറസ്റ്റ്, പുരയിടം എന്നു രേഖപ്പെടുത്തിയിട്ടുള്ളതും, റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നു രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത 1450 ഹെക്ടർ പ്രദേശത്ത് പട്ടിക വർഗ്ഗ വിഭാഗത്തിലും മറ്റ് ജനവിഭാഗങ്ങളിലുമായി 7000-ൽ

പരം ആൾക്കാർ താമസിച്ചു വരുന്നതാണ്. മേല്പറഞ്ഞ പ്രദേശത്തെ ഏകദേശം പതിനായിരത്തോളം അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി ഒരു പുതിയ ഓഫീസ് തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ടി ഓഫീസിന് ആവശ്യമായ തസ്തികകളും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന്, പരാമർശം (1), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രദേശത്ത് പട്ടയം നൽകുന്നതിനായി ചുവടെ ചേർക്കുന്ന തസ്തികകളോട് കൂടി ഒരു കാര്യാലയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ളതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | പ്രതിമാസ ശമ്പളം (രൂപ) |
|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 | 79,100 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 1 | 68,591 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 2 | 1,18,876 (59438x2) |
| 4 | ക്ലർക്ക്/VA | 6 | 1,79,670 (29945x6) |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 25,990 |
| 6 | സർവ്വെയർ | 4 | 2,01,140 (50285x4) |
| 7 | ചെയിൻമാൻ (Daily wages) | 2 | 32,400 (16200x2) |
| 8 | ആകെ പ്രതിമാസം വേണ്ടിവരുന്ന ചുരുങ്ങിയ വേതന തുക (starting of scale of pay) | | **₹ 7,05,767/-** |
| 9 | ആവശ്യമായ ഒരു വാഹനത്തിന്റെ വാടക ഇനത്തിലെ തുക | | **35,000** |
| 10 | ആകെ | | **₹ 7,40,767/-** |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ 1450 ഹെക്ടർ പ്രദേശത്തെ പതിനായിരത്തോളം പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നൽകുന്നതിനായി മേല്പറഞ്ഞ 17 തസ്തികകൾ ഒരു വർഷത്തേക്ക് താല്ക്കാലികമായി സൃഷ്ടിച്ചു കൊണ്ട് ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

4) ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്

ജില്ലാ കളക്ടർ, കോട്ടയം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), തിരുവനന്തപുരം

തഹസീൽദാർ, കാഞ്ഞിരപ്പള്ളി

ധനകാര്യ വകുപ്പ് (E-2732672/EXP-D1/95/2024-Fin) പ്രകാരം

റവന്യൂ (സി)/റവന്യൂ (എഫ്)/റവന്യൂ (ഇ) വകുപ്പ് (അറിവിലേക്കായി)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

സ.ഉ.(കൈ) നം.67/2024/RD